# MALANKARA CATHOLIC CHURCH

## ARCHDIOCESE OF TIRUVALLA

Most Rev. Dr. Thomas Mar Koorilos
Metropolitan Archbishop of Tiruvalla

Catholic Archbishop's House, Marygiri,
P. B. No. 4, Tiruvalla – 689 101.

Circular No.8/2015 19/11/2015

**വന്ദ്യ കോർഎപ്പിസ്ക്കോപ്പമാരേ, ബഹു. വൈദികരേ, ബഹു. സന്യസ്തരേ, സഹോദരങ്ങളേ!**

വൈദികരുടെ തുടർപരിശീലനപരിപാടിയിൽ സംബന്ധിച്ച എല്ലാവർക്കും ഹൃദയംഗമമായ നന്ദിരേഖപ്പെടുത്തുന്നു. കുടുംബപ്രേഷിതത്വത്തിനു സജീവമായ നേതൃത്വം കൊടുക്കുന്ന അജപാലകരായി നമ്മെത്തന്നെ പുനഃപ്രതിഷ്ഠിക്കാം. കുടുംബങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാനും സന്ദർശനങ്ങൾ വഴി തിരുകുടുംബങ്ങളാക്കി മാറ്റാനും ആവശ്യമുള്ള സന്ദർഭങ്ങളിൽ Gifted Counselling or Professional Counselling നൽകുവാനും വേണ്ട തയ്യാറെടുപ്പുകൾ നമുക്കു ചെയ്യണം. കാരുണ്യവർഷവുമായി കുടുംബത്തിന് വലിയ ബന്ധമുണ്ടെന്ന് പരിശുദ്ധപിതാവ് പഠിപ്പിക്കുന്നു. നമ്മുടെ കുടുംബങ്ങളുടെ വാതിലുകൾ കരുണയുടെയും ദീനാനുകമ്പയുടെയും വാതിലുകളാകട്ടെ. ഭവനത്തിനുള്ളിൽ കരുണകിട്ടാത്തവർ ആരുമുണ്ടാവരുത്– പ്രത്യേകിച്ച് വാർദ്ധ്യക്യത്തിലായിരിക്കുന്നവർ. അതുപോലെ നമ്മുടെ ഭവനകവാടങ്ങളിൽ മുട്ടുന്നവർക്ക് കരുണയുടെയും കരുതലിന്റെയും വാതിലുകളായി മാറാൻ നമുക്ക് കഴിയണം. ഈ ഒരു വർഷക്കാലത്തെ നമ്മുടെ പരിശ്രമങ്ങൾ യേശുവിന്റെ തിരുമുഖത്തിന്റെ ആകർഷണീയത മനസിലാക്കുവാൻ അനേകർക്ക് അവസരമാകട്ടെ. അതത് ഇടവകകൾ ഈ ദിശയിൽ അവർക്ക് ചെയ്യാവുന്ന കാര്യങ്ങൾ ആലോചിച്ച് തീരുമാനമെടുക്കുമല്ലോ. അവ ഭദ്രാസനകേന്ദ്രത്തിൽ അറിയിച്ചാൽ നമ്മുടെ മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുകയും അവ മറ്റുള്ളവർക്ക് പ്രചോദനം ആവുകയും ചെയ്യും.

15–ാമത് പാസ്റ്ററൽ കൗൺസിലിന്റെ 6–ാമത് മീറ്റിംഗ് ഡിസംബർ 12 ശനിയാഴ്ച് 9.30 ന് ആരംഭിക്കുന്നതും 2 മണിക്ക് സമാപിക്കുന്നതുമാണ്. പ്രസ്തുത മീറ്റിംഗിൽ ഭദ്രാസനത്തിലെ എല്ലാവൈദികരും റാന്നി, എരുമേലി, കോട്ടയം, വെണ്ണിക്കുളം, തിരുവല്ല, നിരണം മേഖലകളിലെ ഇടവക ട്രസ്റ്റി–സെക്രട്ടറിമാരും സംബന്ധിക്കണമെന്ന് താല്പര്യപ്പെടുന്നു. കരുണയുടെ സവിശേഷ ജൂബിലി വർഷം ആരംഭിക്കുന്നതിന് ''കരുണയുടെ കവാടം'' എന്നപ്രതീകാത്മകമായ അനുഗ്രഹവാതിൽ (Blessed Door of Mercy) ഔദ്യോഗികമായി തുറക്കുന്നതിനും ആഗ്രഹിക്കുന്നു. ഭദ്രാസനദൈവാലയത്തിലായിരിക്കും സമ്മേളനം നടക്കുക. അതേ മീറ്റിംഗിൽത്തന്നെ നമ്മുടെ അതിഭദ്രാസനാംഗങ്ങളായി ത്രിതലപഞ്ചയത്തുകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെ അനുമോദിക്കുന്നതിനും ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട അച്ചന്മാർ അവരുടെ പേരുവിവരങ്ങൾ,: പോസ്റ്റൽ അഡ്രസ്സും കോണ്ടാക്ട് നമ്പറും ഭദ്രാസന ഓഫിസിൽ രേഖാമൂലം നവംബർ 29 –ാം തീയതിയ്ക്ക് അകമായി അറിയിക്കണം. അവരെ ഇവിടേയ്ക്ക് പറഞ്ഞുവിടുവാൻ പ്രത്യേകം താല്പര്യം എടുക്കണം.

അതിഭദ്രാസനത്തിലെ പ്രധനപ്പെട്ട അറിയിപ്പുകൾ ആധുനിക മാധ്യമങ്ങളുടെ സഹായത്തോടെ അറിയിക്കണമെന്ന ബഹു.വൈദികരുടെ താല്പര്യപ്രകാരവും അതുനല്ലതാണെന്ന് തോന്നുന്നതുകൊണ്ടും അതിഭദ്രാസന വൈദികരുടെ ഔദ്യോഗികമായ

ഒരു സോഷ്യൽ നെറ്റ് വർക്ക് കൂട്ടായ്മ ആരംഭിച്ചിരിക്കുന്നു. സെക്രട്ടറി ബഹു.ഈപ്പൻ പുത്തൻപറമ്പിൽ അച്ചൻ ആയിരിക്കും അത് കൈകാര്യം ചെയ്യുന്നത്.നിങ്ങൾ എല്ലാവരെയും അതിൽ ഉൾപ്പെടുത്തുകയാണ്. TAP US എന്ന പേരിലായിരിക്കും അത് അറിയപ്പെടുക: Tiruvalla Archdiocesian Priests' Uptodate Server. നമ്മുടെ അതിഭദ്രാസനത്തെ വളർത്തുന്നതര ത്തിലുള്ള ഇടപെടലുകൾ മാത്രമാണ് ഈ സാമൂഹികസമ്പർക്കകൂട്ടായ്മ ലക്ഷ്യം വയ്ക്കുന്നത്. ഏവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

ആഗമനകാലത്തിന്റെ ഒരുക്കവും വ്രതശുദ്ധിയും സമാഗതമാകുന്നു. അനുഗൃഹീതമായ ഒരു സമയമായി ഇതിനെ നമുക്ക് സ്വീകരിക്കാം. ഉപവാസത്തോടും പ്രത്യേക പ്രാർത്ഥനകളോടും കൂടി ഈ സന്തോഷകാലത്തെ നമുക്ക് സമീപിക്കാം.

നമ്മുടെ അതിഭദ്രാസനസുവിശേഷ സംഘത്തിലേയ്ക്കുള്ള ഇടവക പ്രതിനിധികളുടെ രൂപീകരണം 2016 ജനുവരിമാസം സമാരംഭിക്കുന്നു. ഓരോ ഇടവകയിൽ നിന്നുമുള്ള പ്രതിനിധി(കളുടെ) യുടെ പേരും പൂർണ്ണമേൽ വിലാസവും കോണ്ടാക്റ്റ് നമ്പറും ഡിസംബർ 12–ാം തീയതിക്കകം അയച്ചുതരേണ്ടതാണ്; വീഴ്ച വരുത്തരുത്. പൊതുജനമദ്ധ്യേ സ്വീകാര്യതും സഭയോടും വൈദികരോടും സ്നേഹവും വിശ്വസ്തതയും മറ്റുമാനുഷിക ഗുണങ്ങളുമുള്ള അത്മായ സഹോദരങ്ങളെ തെരഞ്ഞെടുത്തുവിടാൻ പ്രത്യേകം ശ്രദ്ധിക്കണം.

ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്നുപ്രാർത്ഥിക്കുന്നു.

സ്നേഹാദരവോടെ,

ക്രിസ്തു യേശുവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി,



✠ തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്, തിരുവല്ലാ അതിഭദ്രാസനം.

---

NB: ഈ സർക്കുലർ അടുത്ത ഞായറാഴ്ച നമ്മുടെ എല്ലാ ദൈവാലയങ്ങളിലും വി. കുർബാന അർപ്പിക്കുന്ന കേന്ദ്രങ്ങളിലും പരസ്യമായി വായിക്കേണ്ടതാണ്.